പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2250 — 20.06.2012-ൽ മറുപടിക്ക്

## കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പദ്ധതി വിഹിതം

**ചോദ്യം**

ശ്രീമതി കെ.കെ. ലതിക

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷത്തിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിക്ക് തുക വകയിരുത്തിയിരുന്നുവോ ; വിശദമാക്കുമോ ;

ബി) ഉണ്ടെങ്കിൽ എത്ര തുകയാണെന്നും എന്ത് ആവശ്യത്തിനാണ് വകയിരുത്തിയതെന്നും വ്യക്തമാക്കുമോ ;

(എ)യും (ബി)യും

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കാലാവധി 2012 മുതൽ 2017 വരെയാണ്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമായിട്ടില്ല. പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷത്തിൽ (2011-12) കുറ്റ്യാടി താലൂക്ക് ആശുപത്രിക്ക് പദ്ധതി ശീർഷകത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ശീർഷകം | തുക (രൂപ) |
|---|---|---|---|
| 1 | കോളറ/ഗ്യാസ്ട്രോ | 2210-06-101-92 (പി) | 32,500/- |
| 2 | പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും | 2210-06-101-50 (പി) | 30,900/- |
| 3 | പെയിൻ പാലിയേറ്റീവ് & എൽഡർലി ഹെൽത്ത് കെയർ | 2210-01-110-52 (പി) | 26,000/- |
| 4 | സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ നടപടി | 2210-06-101-45 (പി) | 11,500/- |
| | ആകെ | | 1,00,900/- |

സി) പ്രസ്തുത തുക ചെലവഴിച്ചുവോ ; വ്യക്തമാക്കുമോ ;

സി) പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷം (2011-12) അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

ഡി) ഇല്ലെങ്കിൽ ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

ഡി) ബാധകമല്ല.

ഇ) പ്രസ്തുത തുക പദ്ധതി ലക്ഷ്യത്തിനായി എപ്പോൾ ഉപയോഗപ്പെടുത്തും എന്ന് വ്യക്തമാക്കുമോ ?

ഇ) ബാധകമല്ല.

സെക്ഷൻ ഓഫീസർ